LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്നത്

257 (1731) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ 60 വയസ്സിനു മുകളിലുള്ളവരും, സർക്കാരിന്റെ യാതൊരു വിധ പെൻഷൻ ആനുകൂല്യവും ലഭിക്കാത്തവരുമായ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ-ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

അംഗത്വ ഫീസും വരിസംഖ്യയും നൽകുന്നത് സംബന്ധിച്ച്

258 (1732) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ ഇനിമുതൽ അംഗത്വ ഫീസും വരിസംഖ്യയും ഇൻഫർമേഷൻ കേരളാ മിഷന് (ഐ.കെ.എം.) നൽകണം എന്ന ഉത്തരവ് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്നു മുതലാണ് ഉത്തരവ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശസ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും അംഗത്വ ഫീസ് കുറവ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വാർഷിക വരിസംഖ്യ സംബന്ധിച്ച് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് നൽകേണ്ട പ്രതിവർഷ മെമ്പർഷിപ്പ് ഫീസ് ഗ്രാമപഞ്ചായത്ത്-3 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത്-5 ലക്ഷം രൂപ, ജില്ലാപഞ്ചായത്ത്-15 ലക്ഷം രൂപ, മുനിസിപ്പാലിറ്റി - 10 ലക്ഷം രൂപ, കോർപ്പറേഷൻ-20 ലക്ഷം രൂപ എന്ന നിരക്കിൽ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലും, വാർഷിക വരിസംഖ്യ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ഓരോ ജനത്തിനും ഒരു രൂപ എന്ന ക്രമത്തിൽ 2017-18 സാമ്പത്തിക വർഷം മുതലും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്നും കുറവ് ചെയ്ത് ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിന് 27-6-2015-ലെ സ.ഉ. (സാധാ) നമ്പർ 1952/2015/ തസ്വഭവ പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികൾ

259 (1733) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന തവനൂർ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഇതുവരെ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്നും ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത് എന്നും പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന തവനൂർ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും ഇതുവരെ 23 പ്രവൃത്തികൾക്കായി 5,65,00,000 (അഞ്ച് കോടി അറുപത്തിയാറ് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളൊന്നും ഇതുവരെ പൂർത്തിയായിട്ടില്ല. പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതിയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.